**SSLC EXAMINATION, MARCH - 2025**

**SOCIAL SCIENCE (ANSWER KEY)**


*COLIN JOSE.E* — *BIJU.M*

*DR.AMMR GOVT HSS KATTELA.* — *GHSS PARAPPA*

*THIRUVANATHAPURAM* — *KASARGOD*


| Qn No | ഉത്തര സൂചകങ്ങൾ | score |
|---|---|---|
| | **PART - A** | |
| 1 | **കാഞ്ചൻജംഗ സ്ഥിതിചെയ്യുന്ന പർവ്വതനിര:**<br>(a) ഹിമാദ്രി | 1 |
| 2 | **സ്വരാജ് പാർട്ടിയുടെ സ്ഥാപകൻ:**<br>(b) സി.ആർ.ദാസ് | 1 |
| 3 | **പൊതുഭരണമെന്നാൽ ഗവൺമെൻറ് ഭരണത്തെ സംബന്ധിക്കുന്നതാണ്.ഇത് ആരുടെ വാക്കുകളാണ്?**<br>(d) എൻ. ഗ്ലാഡൻ | 1 |
| 4 | **കമ്പനികളുടെ അറ്റം വരുമാനത്തിൻമേൽ അഥവാ ലാഭത്തിൻമേൽ ചുമത്തുന്ന നികുതി:**<br>(c) കോർപ്പറേറ്റ് നികുതി | 1 |
| 5 | **ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഇരുമ്പുരുക്ക് വ്യവസായശാല സ്ഥിതി ചെയ്യുന്ന സ്ഥലം:**<br>(d) ഭദ്രാവതി | 1 |
| 6 | **സമൂഹശാസ്ത്രത്തിൽ ഉപയോഗിച്ച്‌വരുന്ന നിരീക്ഷണം എന്ന പഠനരീതി:**<br>**നിരീക്ഷണം**<br>• കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതിയാണ് നിരീക്ഷണം . നിരീക്ഷണം രണ്ടു തരത്തിലുണ്ട്-<br>**പങ്കാളിത്ത നിരീക്ഷണം**<br>• നിരീക്ഷകൻ പഠനമേഖലയിൽ നിന്ന് നേരിട്ട് വിവരം ശേഖരിക്കുന്ന രീതി.<br>• പഠനവിധേയമാക്കേണ്ട സംഘത്തിൽ താമസിച്ച് അവരുടെ ജീവിതത്തെക്കുറിച്ച് നേരിട്ട് മനസിലാക്കുന്നു.<br>• ഇതിനായി ഗവേഷകൻ അവരുടെ ഭാഷ,സംസ്കാരം എന്നിവ പഠിക്കുകയും അവരുടെ ദൈനംദിന ജീവിതത്തിൽ പങ്കാളിയാവുകയും ചെയ്യുന്നു.<br>**പങ്കാളിത്തരഹിത നിരീക്ഷണം**<br>• ഇതിൽ സമൂഹശാസ്ത്രജ്ഞൻ പഠന സംഘത്തിൽ താമസിച്ച് പഠനം നടത്തുന്നില്ല.<br>• പകരം പുറത്തുനിന്നും നിരീക്ഷണം നടത്തുകയാണ് ചെയ്യുന്നത് . | 3 |
| 7 | (a) അഖിലേന്ത്യ സർവീസ്<br>(b)<br>• ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു.<br>• കേന്ദ്ര ഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കപ്പെടുന്നു. | 3 |

<table>
<tr><td></td><td>ഉദാഹരണം:<br>• ഇന്ത്യൻ ഫോറിൻ സർവീസ്<br>• ഇന്ത്യൻ റെയിൽവേ സർവീസ്<br>(c) സംസ്ഥാനസർവീസ്</td><td></td></tr>
<tr><td>8</td><td>പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ:<br>• സൗരോർജം, കാറ്റിൽനിന്നുള്ള ഊർജം, തിരമാലയിൽ നിന്നുള്ള ഊർജം, വേലിയോർജം, ജൈവവാതകം എന്നിവയാണ് പ്രധാന പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ.<br>• പുനസ്ഥാപന ശേഷിയുള്ളത്<br>• ചെലവ് കുറഞ്ഞത്<br>• പരിസ്ഥിതിപ്രശ്നങ്ങൾ ഉണ്ടാക്കാത്തത്</td><td>3</td></tr>
<tr><td>9</td><td>ഹിമാലയൻ നദികളുടെ പൊതുവായ സവിശേഷതകൾ:<br>• ഹിമാലയൻ പർവ്വതനിരകളിൽ നിന്നും ഉത്ഭവിക്കുന്നു.<br>• അതിവിസ്തൃതമായ വൃഷ്ടിപ്രദേശം.<br>• അപരതനതീവ്രത കൂടുതൽ.<br>• പർവ്വത മേഖലകളിൽ ഗിരികന്ദരങ്ങൾ സൃഷ്ടിക്കുന്നു.<br>• സമതലങ്ങളിൽ വളഞ്ഞുപുളഞ്ഞ് ഒഴുകുന്നു.<br>• ഉയർന്ന ജലസേചനശേഷി.<br>• സമതല പ്രദേശങ്ങളിൽ ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത.</td><td>3</td></tr>
<tr><td>10</td><td>നികുതിയേതര വരുമാന സ്രോതസ്സുകൾ:
<table>
<tr><td>ഫീസ്</td><td>• സർക്കാർ സേവനങ്ങൾക്കുള്ള പ്രതിഫലമായി ഈടാക്കുന്നത്.<br>• ഉദാ: ലൈസൻസ് ഫീസ്,രജിസ്ട്രേഷൻ ഫീസ്,ട്യൂഷൻ ഫീസ്</td></tr>
<tr><td>ലാഭം</td><td>• സർക്കാർ നടത്തുന്ന സംരംഭങ്ങളിൽ നിന്നുള്ള വരുമാനം.<br>• ഉദാ: ഇന്ത്യൻ റെയിൽവേയിൽ നിന്നുള്ള ലാഭം</td></tr>
<tr><td>ഗ്രാന്റ്</td><td>• ഒരു സർക്കാർ മറ്റൊരു സർക്കാരിന് നൽകുന്ന സാമ്പത്തിക സഹായം.<br>• ഉദാ:കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭാരണ സർക്കാരുകൾക്ക് ഗ്രാന്റുകൾ നൽകുന്നത്</td></tr>
<tr><td>പലിശ</td><td>• സർക്കാർ വിവിധ സംരംഭങ്ങൾക്കും ഏജൻസികൾക്കും രാജ്യങ്ങൾക്കും നൽകുന്ന വായ്പകൾക്ക് പലിശ ലഭിക്കുന്നു</td></tr>
</table></td><td>3</td></tr>
</table>

<table>
<tr>
<td>11</td>
<td>
<table>
<tr><th>A</th><th>B</th></tr>
<tr><td>രാമകൃഷ്ണമിഷൻ</td><td>സ്വാമി വിവേകാനന്ദൻ</td></tr>
<tr><td>സത്യശോധക് സമാജം</td><td>ജ്യോതിബാ ഫുലെ</td></tr>
<tr><td>ബ്രഹ്മസമാജം</td><td>രാജാ റാം മോഹൻ റായ്</td></tr>
<tr><td>സ്വാഭിമാനപ്രസ്ഥാനം</td><td>ഈ.വി.രാമസ്വാമി നായ്ക്കർ</td></tr>
</table>
</td>
<td>4</td>
</tr>
<tr>
<td>12</td>
<td>
ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ:
<ul>
<li>ഗാന്ധിജിയുടെ സമരരീതിയും ആശയങ്ങളും സാധാരണക്കാരായ ജനങ്ങൾക്ക് പരിചയപ്പെടാൻ അവസരം ലഭിച്ചു.</li>
<li>വിദ്യാസമ്പന്നരായ ആളുകൾക്കിടയിൽ മാത്രമായി ഒതുങ്ങി നിന്നിരുന്ന ദേശീയ പ്രസ്ഥാനത്തിലേക്ക് സാധാരണക്കാരായ ജനങ്ങളും ആകർഷിക്കപ്പെട്ടു.</li>
<li>പട്ടണങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ദേശീയ പ്രസ്ഥാനത്തിന് ഗ്രാമപ്രദേശങ്ങളിലും വേരോട്ടമുണ്ടായി.</li>
<li>എല്ലാ വിഭാഗം ജനങ്ങൾക്കും സ്വീകാര്യനായ ദേശീയ നേതാവായി ഗാന്ധിജി മാറി.</li>
</ul>
</td>
<td>4</td>
</tr>
<tr>
<td>13</td>
<td>
ഉപഭോക്ത വിദ്യാഭ്യാസത്തിലൂടെ രൂപപ്പെടുന്ന ഉപഭോക്തൃ ശീലങ്ങൾ:
<ul>
<li>സാധനങ്ങൾ വാങ്ങുമ്പോൾ ബില്ല് ചോദിച്ചു വാങ്ങുക.</li>
<li>അളവും തൂക്കവും ശരിയാണെന്ന് ബോധ്യപ്പെടുക.</li>
<li>സാധനങ്ങളുടെ നിലവാരം സൂചിപ്പിക്കുന്ന ചിഹ്നങ്ങൾ ശ്രദ്ധിക്കുക.</li>
<li>വാങ്ങുന്ന സാധനങ്ങളുടെ ഉപയോഗക്രമം, പ്രവർത്തിപ്പിക്കുന്ന വിധം എന്നിവ മനസ്സിലാക്കുക.</li>
<li>പാക്ക് ചെയ്ത സാധനങ്ങൾ വാങ്ങുമ്പോൾ ഉത്പന്നത്തിന്റെ പേര്, പാക്ക് ചെയ്ത തീയതി,കാലാവധി, തൂക്കം, വില, നിർമ്മാതാവിന്റെ /വിതരണക്കാരുടെ മേൽവിലാസം എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തുക .</li>
</ul>
</td>
<td>4</td>
</tr>
<tr>
<td>14</td>
<td>
മലയാളി മെമ്മോറിയൽ
<ul>
<li>ബാരിസ്റ്റർ ജി.പി.പിള്ളയുടെ നേതൃത്വത്തിൽ.</li>
<li>സർക്കാർ ജോലികളിൽ തിരുവിതാംകൂർകാർക്ക് മതിയായ പ്രാതിനിത്യം ആവശ്യപ്പെട്ട് പതിനായിരത്തിലധികം ഒപ്പിട്ട മെമ്മോറാണ്ടം മഹാരാജാവിന് സമർപ്പിച്ചു.</li>
</ul>
ഈഴവ മെമ്മോറിയൽ
<ul>
<li>ഡോ. പൽപ്പുവിന്റെ നേതൃത്വത്തിൽ.</li>
<li>ഈഴവ അനുഭവിക്കുന്ന പ്രയാസങ്ങൾ ചൂണ്ടിക്കാണിച്ച് മഹാരാജാവിന് സമർപ്പിച്ച മെമ്മോറാണ്ടം.</li>
</ul>
</td>
<td>4</td>
</tr>
<tr>
<td>15</td>
<td>ഭൂപടത്തിൽ കൃത്യമായി അടയാളപ്പെടുത്തുന്നതിന് :</td>
<td>4</td>
</tr>
<tr>
<td colspan="3">PART - B</td>
</tr>
</table>

| | | |
|---|---|---|
| 16 | **ഡോ: രാധാകൃഷ്ണൻ കമ്മിഷൻ:**<br>• യു.ജി.സി രൂപീകരിക്കണം.<br>• തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങുക.<br>• സ്ത്രീവിദ്യാഭ്യാസത്തിന് പ്രാധാന്യം.<br>**OR**<br>**ഇന്ത്യൻ തുണി വ്യവസായത്തിന്റെ തകർച്ചയ്ക്കുള്ള കാരണങ്ങൾ:**<br>• യന്ത്രനിർമിത ബ്രിട്ടീഷ് തുണിത്തരങ്ങൾ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തത്.<br>• ഇന്ത്യയിൽ റയിൽവേ വ്യാപകമായത്.<br>• ബ്രിട്ടനിലേക്ക് കയറ്റുമതിചെയ്തിരുന്ന ഇന്ത്യൻ തുണിത്തരങ്ങളുടെമേൽ ഉയർന്ന നികുതി ചുമത്തിയത്.<br>• അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി.<br>• ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ചൂഷണവും പീഢനവും. | 3 |
| 17 | **ചുവടെ നൽകിയിരിക്കുന്ന ദിനങ്ങളുടെ പ്രാധാന്യം:**<br>(a) മാർച്ച് 21<br>(b) ജൂൺ 21<br>(c) ഡിസംബർ 22<br>**മാർച്ച് 21:**<br>• മാർച്ച് 21 ന് സൂര്യന്റെ ആപേക്ഷികസ്ഥാനം മധ്യരേഖക്ക് നേർമുകളിൽ ആയിരിക്കും.<br>• ഈ ദിനത്തെ **സമരാത്രദിനം അഥവാ വിഷുവം** എന്ന് വിളിക്കുന്നു.<br>• ഈ ദിവസം രണ്ട് അർധഗോളങ്ങളിലും രാത്രിയുടെയും പകലിന്റെയും ദൈർഘ്യം തുല്യമായിരിക്കും.<br>**ജൂൺ 21:**<br>• ജൂൺ 21 ന് സൂര്യന്റെ ആപേക്ഷിക സ്ഥാനം ഉത്തരായന രേഖയ്ക്ക് നേർമുകളിലായിരിക്കും.<br>• ഈ ദിനത്തെ ഉത്തരാർധഗോളത്തിൽ **ഗ്രീഷ്മ അയനാന്തദിനം** എന്ന് വിളിക്കുന്നു<br>• ഈ ദിനത്തിൽ ഉത്തരാർധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള പകലും ഏറ്റവും ഹ്രസ്വമായ രാത്രിയും അനുഭവപ്പെടുന്നു.<br>**ഡിസംബർ 22:**<br>• ഡിസംബർ 22 ന് സൂര്യന്റെ ആപേക്ഷിക സ്ഥാനം ദക്ഷിണായന രേഖയ്ക്ക് നേർമുകളിലായിരിക്കും.<br>• ഈ ദിനത്തെ ഉത്തരാർധഗോളത്തിൽ **ശൈത്യ അയനാന്തദിനം** എന്ന് വിളിക്കുന്നു.<br>• ഈ ദിവസം ഉത്തരാർധഗോളത്തിൽ ഏറ്റവും ഹ്രസ്വമായ പകലും ഏറ്റവും ദൈർഘ്യമുള്ള രാത്രിയും അനുഭവപ്പെടുന്നു.<br>**OR** | 3 |

<table>
<tr><td></td><td>ചക്രവാതങ്ങൾ:<ul><li>അന്തരീക്ഷത്തിൽ ഒരു ന്യൂനമർദപ്രദേശവും അതിനുചുറ്റുമായി ഉച്ചമർദവും സൃഷ്ടിക്കപ്പെടുന്നത് ചക്രവാതങ്ങൾ രൂപംകൊള്ളുന്നതിന് കാരണമാകുന്നു.</li><li>ന്യൂനമർദകേന്ദ്രത്തിലേക്ക് ചുറ്റുമുള്ള ഉച്ചമർദപ്രദേശങ്ങളിൽ അതിശക്തമായി കാറ്റ് ചുഴറ്റിവീശുന്നു.</li><li>ഉത്തരാർദ്ധഗോളത്തിലെ  ചക്രവാതങ്ങളിൽ കാറ്റ് എതിർഘടികാരദിശയിൽ വീശുന്നു.</li><li>ദക്ഷിണാർദ്ധഗോളത്തിൽ ഇത് ഘടികാരദിശയിലാണ്.</li><li>രൂപപ്പെടുന്ന കാലാവസ്ഥാ മേഖലകളുടെ അടിസ്ഥാനത്തിൽ ഇവയെ ഉഷ്ണമേഖല ചക്രവാതങ്ങൾ എന്നും മിതോഷ്ണമേഖല ചക്രവാതങ്ങൾ എന്നും രണ്ടായി തിരിക്കാം.</li><li>ഓഖി ചുഴലികൊടുംകാറ്റ് ഒരു ഉഷ്ണമേഖല ചക്രവാതമാണ്.</li></ul></td><td></td></tr>
<tr><td>18</td><td>സ്വതന്ത്ര ഇന്ത്യ സാമ്പത്തിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ:<ul><li>മിശ്ര സമ്പദ് വ്യവസ്ഥ സ്വീകരിച്ചു.</li><li>പൊതുമേഖലയ്ക്ക് പ്രാധാന്യം.</li><li>കേന്ദ്രീകൃത സാമ്പത്തികാസൂത്രണം</li><li>1950 ൽ ദേശീയ ആസൂത്രണ കമ്മീഷൻ നിലവിൽ വന്നു.</li><li>1951 ൽ പഞ്ചവത്സര പദ്ധതികൾക്ക് തുടക്കം കുറിച്ചു.</li><li>വിദേശ സഹായത്തോടെ ഇരുമ്പുരുക്ക് വ്യവസായങ്ങൾ ആരംഭിച്ചു.</li><li>വൻകിട അണക്കെട്ടുകൾ നിർമ്മിച്ചു (ഭക്രാനംഗൽ).</li><li>ജലസേചന സൗകര്യങ്ങൾ ലഭ്യമായതോടെ ഇന്ത്യയിൽ കാർഷികോൽപാദനം വർധിച്ചു.</li><li>കാർഷിക പുരോഗതി, കന്നുകാലി സംരക്ഷണം, ഭൗതിക സാഹചര്യങ്ങളുടെ ഉന്നമനം തുടങ്ങിയ ലക്ഷ്യങ്ങളോടെ ദേശീയതലത്തിൽ 55 പദ്ധതികൾക്ക് 1952 ഒക്ടോബർ 2 ന് തുടക്കം കുറിച്ചു.</li></ul> OR സ്വദേശിപ്രസ്ഥാനം:<ul><li>ഈ സമരത്തിന്റെ പ്രധാനരീതി ബ്രിട്ടീഷ് ഉൽപ്പന്നങ്ങളുടെ ബഹിഷ്കരണവും തദ്ദേശീയ വസ്തുക്കളുടെ ഉപയോഗവുമായിരുന്നു</li><li>സമരത്തിന്റെ ഭാഗമായി വിദേശ വസ്തുക്കൾ ശേഖരിച്ച് പരസ്യമായി കത്തിച്ചു</li><li>സ്വദേശിവസ്തുക്കളുടെ ഉപയോഗവും വിദേശവസ്തുക്കളുടെ ബഹിഷ്കരണവും ഇന്ത്യൻ വ്യവസായങ്ങൾക്കു പുതുജീവൻ നൽകി</li><li>നിരവധി തുണിമില്ലുകൾ സോപ്പ് ഫാക്ടറികൾ തീപ്പെട്ടിക്കമ്പനികൾ ദേശീയബാങ്കുകൾ ഇൻഷുറൻസ് കമ്പനികൾ എന്നിവ ആരംഭിച്ചു</li><li>സ്ത്രീകൾ തൊഴിലാളികൾ വിദ്യാർത്ഥികൾ എന്നിവരുടെ പങ്കാളിത്തമായിരുന്നു ഈ സമരത്തിന്റെ പ്രധാന സവിശേഷത</li><li>വിദേശ വസ്ത്രങ്ങൾ അലക്കുകയില്ലെന്ന് അലക്കുകാരും വിദേശ വസ്തുക്കൾ ഉപയോഗിച്ച് പൂജ നടത്തില്ലെന്ന് പുരോഹിതന്മാരും പ്രതിജ്ഞയെടുത്തു</li></ul></td><td>3</td></tr>
</table>

<table>
<tr><td></td><td>• സ്ത്രീകൾ വിദേശത്തുനിന്നുള്ള വളകളും പാത്രങ്ങളും ബഹിഷ്കരിച്ചു<br>• വിദ്യാർത്ഥികൾ സ്കൂളുകൾ ബഹിഷ്കരിച്ചു</td><td></td></tr>
<tr><td>19</td><td>പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ:<br>• കുടുംബം<br>• വിദ്യാഭ്യാസം<br>• സംഘടനകൾ<br>• സാമൂഹ്യവ്യവസ്ഥ രാഷ്ട്രീയവ്യവസ്ഥ<br><u>വിദ്യാഭ്യാസം</u><br>• വിവിധ വിഷയങ്ങളുടെ പഠനത്തിലൂടെ ലഭിക്കുന്ന അറിവുകൾ സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.<br>• മൂല്യബോധം, സഹിഷ്ണുത, നേതൃത്വഗുണം, പരിസ്ഥിതിബോധം, ശാസ്ത്രാവബോധം തുടങ്ങിയവ വളർത്തിയെടുക്കാൻ സഹായിക്കുന്നു.<br>• ശാസ്ത്രവും സാങ്കേതികവിദ്യയും സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്താൻ വിദ്യാഭ്യാസത്തിലൂടെ സാധിക്കണം.<br>• മൂല്യാധിഷ്ഠിത വിദ്യഭ്യാസ സമീപനത്തിലൂടെ പൗരബോധം ജനങ്ങളിലെത്തിക്കാൻ കഴിയും.<br><u>കുടുംബം</u><br>• മുതിർന്നവരെ ബഹുമാനിക്കാനും സമൂഹസേവനത്തിൽ ഏർപ്പെടാനും കുടുംബത്തിൽ നിന്നും പഠിക്കുന്നു.<br>• അംഗങ്ങളിൽ കർത്തവ്യബോധം വളർത്തുകയും നിലനിർത്തുകയും ചെയ്യുന്നു.<br>• കുടുംബത്തിൽ നിന്നുള്ള പ്രചോദനവും പ്രോത്സാഹനവും ഉന്നതമായ പൗരബോധം വളർത്തുന്നു.<br><u>സംഘടനകൾ</u><br>• സേവനസന്നദ്ധതയോടെ പ്രവർത്തിക്കാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നു<br>• പരിസ്ഥിതി സംരക്ഷണം, മനുഷ്യാവകാശസംരക്ഷണം, ജീവകാരുണ്യ പ്രവർത്തനം തുടങ്ങിയ മേഖലകളിൽ നിരവധി സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നു.<br>• പാരിസ്ഥിതിക അവബോധവും മനുഷ്യാവകാശ ബോധവും വ്യക്തികളിൽ സൃഷ്ടിക്കാൻ ഇത്തരം സംഘടനകൾക്ക് സാധിക്കും.<br><u>മാധ്യമങ്ങൾ</u><br>• വാർത്തകളും വിവരങ്ങളും ജനങ്ങളിൽ എത്തിക്കുന്നു<br>• ശരിയായതും വസ്തുനിഷ്ഠവുമായ വിവരങ്ങളിലൂടെ ക്രിയാത്മകമായ ആശയരൂപീകരണത്തിലേക്ക് നയിക്കുന്നു.<br>• മാധ്യമങ്ങൾ നിഷ്പക്ഷവും സ്വതന്ത്രവുമായിരിക്കണം<br>• മാധ്യമങ്ങളിൽ നിന്നും ലഭിക്കുന്ന അറിവുകൾ വിമർശനാത്മകമായി വിലയിരുത്തണം<br>OR</td><td></td></tr>
</table>

| | | |
|---|---|---|
| | **ജനങ്ങൾ :**<br>• ജനങ്ങൾ ഇല്ലാതെ രാഷ്ട്രമില്ല.<br>• ഒരു രാജ്യത്ത് ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ജനസംഖ്യ എത്രയെന്നോ പരമാവധി എത്ര ജനങ്ങൾ ഉണ്ടാകണമെന്നോ നിശ്ചയിക്കപ്പെട്ടിട്ടില്ല.<br>• അമിതമായ ജനസംഖ്യയും കുറഞ്ഞ ജനസംഖ്യയും രാഷ്ട്രത്തിന് ഗുണകരമല്ല.<br>• കുറഞ്ഞ ജനസംഖ്യ മനുഷ്യ വിഭവശേഷിയുടെ ലഭ്യതക്കുറവിന് കാരണമാകും.<br>• അമിത ജനസംഖ്യ തൊഴിലില്ലായ്മക്കും ദാരിദ്ര്യത്തിനും കാരണമാകുന്നു.<br>• ഇത് രാഷ്ട്രത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കും. | **4** |
| **20** | **ജനസംഖ്യാപഠനത്തിന്റെ പ്രാധാന്യം:**<br>• ജനങ്ങളുടെ വിവിധ ആവശ്യങ്ങളുടെ അളവ് നിശ്ചയിക്കാനും പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യാനും സർക്കാരിന് സാധിക്കുന്നു.<br>• രാജ്യത്തെ മാനവവിഭവശേഷിയുടെ ലഭ്യതയറിയുക.<br>• ജനങ്ങൾക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ എത്രയെന്നറിയുക.<br>• ആവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും അളവ് തിട്ടപ്പെടുത്തുക.<br>• സാമ്പത്തിക സാമൂഹിക വികസന നയങ്ങൾ രൂപീകരിക്കുക.<br>**OR**<br>**ഇലക്ട്രോണിക് ബാങ്കിങ്**<br>• നെറ്റ് ബാങ്കിങ്ങിലൂടെയും ടെലി ബാങ്കിങ്ങിലൂടെയും എല്ലാവിധ ഇടപാടുകളും നടത്താൻ കഴിയുന്ന രീതി.<br>• എല്ലാ സമയത്തും ബാങ്കിങ്,എല്ലായിടത്തും ബാങ്കിങ്,നെറ്റ് ബാങ്കിങ്,മൊബൈൽ ബാങ്കിങ് എന്നിവ ഇതിന്റെ ഭാഗമാണ്.<br>• ബാങ്കിങ് ഉപകാരണങ്ങളുടെയോ ഉദ്യോഗസ്ഥരുടെയോ സഹായം ഇതിനാവശ്യമില്ല.<br>**ഉപയോഗം**<br>• വീട്ടിൽനിന്നു തന്നെ ലോകത്തെവിടെയും പണം അയക്കാനും ബില്ലുകൾ അടക്കാനും കഴിയും.<br>• കുറഞ്ഞ സമയം മതിയാവും.<br>• സർവീസ് ചാർജ് കുറവാണ് . | **4** |
| **21** | **രാഷ്ട്രതന്ത്ര ശാസ്ത്രത്തിലെ പ്രധാന പഠനമേഖലകൾ:**<br>• രാഷ്ട്രീയ സിദ്ധാന്തങ്ങൾ<br>• അന്തർദേശീയ രാഷ്ട്രീയം<br>• താരതമ്യ രാഷ്ട്രീയം<br>• പൊതുഭരണം<br>**OR**<br>**പൗരബോധം നേരിടുന്ന വെല്ലുവിളികൾ തരണം ചെയ്യാനുള്ള മാർഗങ്ങൾ:**<br>• ഓരോരുത്തരും അവരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.<br>• പൊതുതാത്പര്യങ്ങൾ ഹനിക്കാതെ സ്വന്തം താത്പര്യങ്ങൾക്കായി പരിശ്രമിക്കുക. | **4** |

| | | |
|---|---|---|
| | • മറ്റുള്ളവരിൽനിന്നു പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മിൽ നിന്ന് തുടങ്ങുക.<br>• ജനാധിപത്യത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായി പ്രവർത്തിക്കുക.<br>• അവകാശങ്ങൾക്കൊപ്പം ചുമതലകൾക്കും തുല്യപരിഗണന നൽകുക. | |
| **22** | <u>**ആകാശിയ വിദൂരസംവേദനം**</u><br>• ബലൂണുകളിലോ വിമാനങ്ങളിലോ ഉറപ്പിച്ചിട്ടുള്ള കാമറയുടെ സഹായത്താൽ ആകാശത്തുനിന്നും ഭൂതലത്തിന്റെ ചിത്രങ്ങൾ തുടർച്ചയായി എടുക്കുന്ന പ്രക്രിയ<br>**പരിമിതികൾ:**<br>• വിമാനത്തിനുണ്ടാകുന്ന കുലുക്കം ചിത്രത്തിന്റെ ഗുണമേന്മയെ ബാധിക്കുന്നു.<br>• വിസ്തൃതമായ പ്രദേശങ്ങളുടെ ചിത്രീകരണം പ്രായോഗികമല്ല.<br>• വിമാനത്തിന് പറന്നുയരാനും ഇറങ്ങാനും തുറസ്സായ സ്ഥലം ആവശ്യമാണ് .<br>• ഇന്ധനം നിറയ്ക്കാൻ വിമാനം ഇടയ്ക്കിടെ നിലത്തിറക്കുന്നത് ചെലവ് വർദ്ധിപ്പിക്കുന്നു.<br>**OR**<br>**ഈസ്റ്റിങ്സ്:**<br>• വടക്ക്- തെക്ക് ദിശയിൽ വരച്ചിട്ടുള്ള രേഖകളാണിത്.<br>• ഇവയുടെ മൂല്യം കിഴക്കുദിശയിലേക്ക് പോകുന്തോറും കൂടിവരുന്നു.<br>• ഭൂപടത്തിലെ സവിശേഷതകൾക്ക് തൊട്ട് ഇടതുവശത്തായി കാണപ്പെടുന്ന ഈസ്റ്റിംഗ്സിന്റെ മൂല്യമാണ് സ്ഥാന നിർണയത്തിന് പരിഗണിക്കുക.<br>**നോർത്തിങ്സ്:**<br>• കിഴക്കുപടിഞ്ഞാറ് ദിശയിൽ വരച്ചിട്ടുള്ള വരകളാണിത്.<br>• ഇവയുടെ മൂല്യം വടക്കുദിശയിലേക്കു പോകും തോറും കൂടി വരുന്നു.<br>ഭൂപടത്തിലെ സവിശേഷതകൾക്ക് തൊട്ടു തെക്കായി കാണപ്പെടുന്ന നോർത്തിങ്സിൻ്റെ മൂല്യമാണ് സ്ഥാനം നിർണയത്തിന് പരിഗണിക്കുക. | **4** |
| **23** | **ധനകാര്യസ്ഥാപനങ്ങൾ :**<br>• നിക്ഷേപം,വായ്പ തുടങ്ങിയ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന സ്ഥാപനങ്ങളാണ് ധനകാര്യസ്ഥാപനങ്ങൾ<br>**ബാങ്കിതര ധനകാര്യസ്ഥാപനങ്ങൾ:**<br>• ബാങ്കിതര ധനകാര്യകമ്പനികൾ<br>• മ്യൂച്വൽ ഫണ്ട് സ്ഥാപനങ്ങൾ<br>• ഇൻഷ്വറൻസ് കമ്പനികൾ<br>**OR**<br>**ആരോഗ്യം എന്നതിന് നിർവചനം:**<br>ശാരീരികമായും മാനസികമായും സാമൂഹികവും ആയ സുസ്ഥിതിയാണ് ആരോഗ്യം.<br>**ആരോഗ്യ പരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ:**<br>• പോഷകാഹാര ലഭ്യത<br>• ശുദ്ധജലലഭ്യത<br>• ചികിത്സാസൗകര്യങ്ങള്<br>• രോഗപ്രതിരോധ സംവിധാനങ്ങൾ | **4** |

| | | |
|---|---|---|
| | • ശുചിത്വപരിപാലനം<br>• വിശ്രമവും വിനോദവും ഉറപ്പുവരുത്തൽ<br>• ആരോഗ്യകരമായ പരിസ്ഥിതി | |
| **24** | **ഗ്രിനിച്ച് സമയം:**<br>• പൂജ്യം ഡിഗ്രി രേഖാംശരേഖ ഗ്രിനിച്ച് രേഖ എന്നറിയപ്പെടുന്നു.<br>• ഗ്രീനിച്ച് രേഖയിലെ പ്രാദേശികസമയത്തെ ഗ്രീനിച്ച് സമയം എന്നു പറയുന്നു.<br>• ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയുമുള്ള സമയം നിർണയിക്കുന്നത്.<br>• ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കി ഒരുമണിക്കൂർ വീതം സമയവ്യത്യാസമുള്ള 24 മേഖലകളായി ലോകത്തെ തിരിച്ചിരിക്കുന്നു.<br>• ഇവ സമയമേഖലകൾ എന്നറിയപ്പെടുന്നു.<br>**സ്റ്റാൻഡേർഡ് സമയം:**<br>• രാജ്യങ്ങളുടെ കേന്ദ്ര ഭാഗത്തുകൂടി കടന്നുപോകുന്ന രേഖാംശത്തിലെ പ്രാദേശിക സമയത്തെ രാജ്യത്ത് മുഴുവൻ പൊതുസമയമായാണ് സാധാരണ കണക്കാക്കുന്നത്.<br>• ലോകത്തിലെ ഓരോ രാജ്യവും ഏതാണ്ട് മധ്യത്തിലൂടെ കടന്നുപോകുന്ന രേഖാംശരേഖയെ മാനകരേഖാംശമായി പരിഗണിക്കുന്നു.<br>• മാനകരേഖാംശത്തിലെ പ്രാദേശിക സമയമാണ് ആ രാജ്യത്തിന്റെ സ്റ്റാൻഡേർഡ് സമയം.<br>**OR**<br>**ആഗോളവാതങ്ങൾ:**<br>• ആഗോളമർദ മേഖലകൾക്കിടയിൽ രൂപപ്പെടുന്ന കാറ്റുകളെ പൊതുവിൽ ആഗോള വാതങ്ങൾ എന്നു വിളിക്കുന്നു.<br>**വാണിജ്യവാതങ്ങൾ**<br>• ഉപോഷ്ണ ഉച്ചമർദ മേഖലകളിൽ നിന്നും മദ്യരേഖാ ന്യൂനമർദമേഖലയിലേക്ക് വീശിക്കൊണ്ടിരിക്കുന്ന കാറ്റുകൾ.<br>• ഉത്തരാർദ്ധഗോളത്തിൽ വടക്ക് കിഴക്കൻ വാണിജ്യവാതങ്ങൾ എന്നുവിളിക്കുന്നു.<br>• ദക്ഷിണാർദ്ധഗോളത്തിൽ തെക്ക് കിഴക്ക് ദിശയിൽ വീശുന്നതിനാൽ തെക്ക് കിഴക്കൻ വാണിജ്യവാതങ്ങൾ എന്നുവിളിക്കുന്നു.<br>• ഇരു അർദ്ധഗോളങ്ങളിൽ നിന്നും വീശുന്ന വാണിജ്യവാതങ്ങൾ സംഗമിക്കുന്ന മദ്യരേഖാന്യൂനമർദ്ദ മേഖല ഇൻറർ ട്രോപ്പിക്കൽ കൺവർജൻസ് സോൺ (ITCZ) അഥവാ 'അന്തർ ഉഷ്ണമേഖലാ സംക്രമണ മേഖല' എന്നുമറിയപ്പെടുന്നു.<br>**പശ്ചിമവാതങ്ങൾ**<br>• ഉപോഷ്ണ ഉച്ചമർദ മേഖലകളിൽ നിന്നും ഉപധ്രുവീയന്യൂനമർദമേഖലയിലേക്ക് വീശിക്കൊണ്ടിരിക്കുന്ന കാറ്റുകൾ<br>• കാറ്റിന്റെ ദിശ ഏറെക്കുറേ പടിഞ്ഞാറുനിന്നായതുകൊണ്ട് ഇവയെ പശ്ചിമവാതങ്ങൾ എന്നുവിളിക്കുന്നു<br>• ദക്ഷിണാർധ ഗോളത്തിൽ പശ്ചിമ വാതങ്ങളുടെ ശക്തി ഉത്തരാർധഗോളത്തിലേതിനേക്കാൾ കൂടുതലാണ്. | **5** |

**25**

**സൺ യാത് സെൻന്നിന്റെ റിപ്പബ്ളിക്:**

- 1911 ൽ ഡോ.സൺ യാത് സെന്നിന്റെ നേതൃത്വത്തിൽ മഞ്ചു രാജഭരണത്തിനെതിരായി ചൈനയിൽ വിപ്ലവം നടന്നു.
- ഇത് ചൈനയിൽ രാജവാഴ്ചയ്ക്ക് അന്ത്യം കുറിച്ചു.
- തുടർന്ന് ദക്ഷിണ ചൈനയിൽ സൻയാത് സെന്നിന്റെ നേതൃത്വത്തിൽ കുമിന്താങ് പാർട്ടി ഒരു റിപ്പബ്ലിക്കൻ ഭരണം സ്ഥാപിച്ചു.
- സൺ യാത് സെൻ ദേശീയത,ജനാധിപത്യം,സോഷ്യലിസം എന്നീ മൂന്ന് ആശയങ്ങൾക്ക് പ്രാധാന്യം നൽകി.

**മാവോ സെ തുംഗ്**

- ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ്.
- 1934 ൽ ലോങ് മാർച്ച് സംഘടിപ്പിച്ചു.
- ധാരാളം കൃഷി ഭൂമിയും അനേകം ഗ്രാമങ്ങളും പ്രഭുക്കന്മാരിൽ നിന്ന് പിടിച്ചെടുത്ത് കർഷകർക്ക് നൽകി.
- മാവോയുടെ നേതൃത്വത്തിലുള്ള ചുവപ്പുസേന ചിയാങ് കൈഷക്കിനെ പരാജയപ്പെടുത്തി കുമിന്താങ് ഭരണത്തിന്റെ കേന്ദ്രം കൈക്കലാക്കി.
- 1949 ഒക്ടോബർ 1 ന് ചൈന മാവോ സെ തുംഗിന്റെ നേതൃത്വത്തിൽ ജനകിയ റിപ്പബ്ളിക്കായി.

**OR**

**ഒന്നാം ലോക യുദ്ധത്തിന്റെ കാരണങ്ങൾ:**

**സൈനിക സഖ്യങ്ങൾ**

- ജർമ്മനി ,ആസ്ട്രിയ -ഹംഗറി ,ഇറ്റലി എന്നി രാജ്യങ്ങൾ ചേർന്ന് **ത്രികക്ഷിസഖ്യം** രൂപികരിച്ചു.
- ഇംഗ്ലണ്ട്,ഫ്രാൻസ്,റഷ്യ എന്നി രാജ്യങ്ങൾ ചേർന്ന് **ത്രികക്ഷിസൗഹാർദ്ദം** രൂപികരിച്ചു.
- ഇത്തരം സഖ്യങ്ങളുടെ രൂപീകരണം യൂറോപ്പിൽ ഒരു യുദ്ധാന്തരീക്ഷം സൃഷ്ടിച്ചു.

**തീവ്രദേശീയത**

- മറ്റ് രാജ്യങ്ങളെയും അവരുടെ കൈവശമുള്ള പ്രദേശങ്ങളെയും കിഴടക്കുന്നതിനുള്ള മാർഗമെന്ന നിലയിൽ യൂറോപ്യൻ രാജ്യങ്ങൾ ദേശീയതയെ ഉപയോഗിച്ചു ഇതാണ് തീവ്രദേശീയത.
- തീവ്രദേശീയതയുടെ വളർച്ച യൂറോപ്പിൽ ചില പ്രസ്ഥാനങ്ങളുടെ രൂപീകരണത്തിന് കാരണമായി - പാൻ സ്ലാവ് പ്രസ്ഥാനം ,പാൻ ജർമ്മൻ പ്രസ്ഥാനം,പ്രതികാര പ്രസ്ഥാനം

**സാമ്രാജ്യത്വരാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ**

- സാമ്രാജ്യത്വ കിടമത്സരങ്ങൾ യൂറോപ്യൻ രാജ്യങ്ങളെ ചില പ്രതിസന്ധികളിലേക്ക് നയിച്ചു.
- അവയിൽ പ്രധാനപ്പെട്ടവയാണ് മൊറോക്കൻ പ്രതിസന്ധി,ബാൾക്കൻ പ്രതിസന്ധി.

**മൊറോക്കൻ പ്രതിസന്ധി**

- 1904 ൽ ബ്രിട്ടനും ഫ്രാൻസും തമ്മിലൊപ്പിട്ട രഹസ്യസന്ധിയനുസരിച്ച്

**6**

| | | |
|---|---|---|
| | മൊറോക്കോയിൽ ഫ്രാൻസിന്റെ ആധിപത്യം ബ്രിട്ടൻ അംഗീകരിച്ചു.<br>• എന്നാൽ മൊറോക്കോ കൈവശപ്പെടുത്താനാഗ്രഹിച്ച ജർമനി ഇതംഗീകരിച്ചില്ല.<br>• ഫ്രഞ്ച് കോംഗോയുടെ ചില ഭാഗങ്ങൾ ജർമ്മനിക്ക് നൽകി ഫ്രാൻസ് ഈ പ്രശ്നം പരിഹരിച്ചു.<br>**<u>ബാൾക്കൻ പ്രതിസന്ധി</u>**<br>• ബാൽക്കൻ മേഖല ഓട്ടോമൻ തുർക്കിയുടെ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു.<br>• 1921 ൽ ബാൽക്കൻ സഖ്യം തുർക്കിയെ പരാജയപ്പെടുത്തി.<br>• എന്നാൽ യുദ്ധത്തിന്റെ നേട്ടങ്ങൾ പങ്കിട്ടെടുക്കുന്നതിൽ ബാൽക്കൻ സഖ്യത്തിലെ രാഷ്ട്രങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായി.<br>• ഇത് ബാൽക്കൻ രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾക്ക് കാരണമായി. | |

***COLIN JOSE.E***

***DR.AMMR GOVT HSS KATTELA.***

***THIRUVANATHAPURAM***

***BIJU.M***

***GHSS PARAPPA***

***KASARGOD***